"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 16-03-2020

## സർക്കുലർ നം സർക്കുലർ നം . 9/2020

***കോവിഡ് 2019 കൊറോണ വൈറസ് വ്യാപനത്തിനെതിരെ കേരളാ ജയിൽ വകുപ്പ് നടത്തി വരുന്ന മാതൃകാ പരമായ പ്രവർത്തനങ്ങളെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിലമതിച്ചതിൽ എല്ലാ ജയിൽ വകുപ്പ് ഉദ്യോഗസ്ഥരേയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു.***

***1.*** ***ജയിൽ വകുപ്പിൻറെ മൂന്ന് മേഖലകളിലായി സാനിറ്റൈസർ, മാസ്ക്, എന്നിവയുടെ നിർമ്മാണത്തിൽ സഹകരിക്കുന്ന എല്ലാ അർഹരായ അന്തേവാസികൾക്കും വകുപ്പ് അദ്ധ്യക്ഷൻ എന്ന നിലയിൽ അവരുടെ പ്രവർത്തനങ്ങളെ കണക്കിലെടുത്ത് പ്രത്യേക ശിക്ഷയിളവ് സൂപ്രണ്ടിൻറെ ശുപാർശ അനുസരിച്ച് ചട്ടപ്രകാരം അനുവദിക്കുന്നതാണ്.***

***2.*** ***മേൽ പറഞ്ഞ ജോലികളിൽ ഏർപ്പെടുന്ന അന്തേവാസികൾക്ക് എട്ട് മണിക്കൂറിലധികം ജോലിചെയ്യുന്നത് പ്രത്യേകമായി കണക്കാക്കി അധിക വേതനം നൽകുന്നതും തുടർച്ചയായ പകൽ രാത്രി ജോലിക്ക് ഇരട്ടി വേതനം നൽകുന്നതുമാണ്.***

***3.*** *മാസ്ക് നിർമ്മാണത്തിന് ആവശ്യമായ സ്വീയിങ് മിഷീൻ അടിയന്തിരമായി വാങ്ങുന്നതിന്/സംഭാവനയായി സ്വീകരിക്കുന്നതിന് ഈ ജോലിയിൽ പങ്കെടുക്കാൻ സൌകര്യമുള്ള സ്ഥാപനങ്ങളെ അനുവദിച്ചിരിക്കുന്നു.*

***4.*** *സാനിറ്റൈസറിൻറെ നിർമ്മാണം നിർവ്വഹിക്കുന്ന സ്ഥാപനങ്ങൾ ഇത് സംബന്ധിച്ച് ഉപദേശ നിർദേശങ്ങൾ ആവശ്യമെങ്കിൽ ദക്ഷിണ മേഖലാ ഡി. ഐ. ജിയുമായി ബന്ധപെടേണ്ടതാണ്.*

**5.** കേന്ദ്രീകൃതമായ വിൽപ്പനയ്ക്ക് ആവശ്യമായ സൌകര്യം തിരുവനന്തപുരം കേന്ദ്രമാക്കി സർക്കാർ നിർദേശ പ്രകാരം ജയിൽ വകുപ്പ് ഏർപ്പാടാക്കിയിട്ടുണ്ട്. *സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന മാസ്കുകൾ കേന്ദ്രീകൃതമായി ശേഖരിച്ച് ആരോഗ്യ - സാമൂഹ്യ നീതി വകുപ്പിന് കൈമാറാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനാൽ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ എറണാകുളം, എന്നിവിടങ്ങളിൽ നിന്ന് തിരുവനന്തപുരം സെൻട്രൽ ജയിൽ സൂപ്രണ്ടിന് പാർസലായി കെ. എസ്. ആർ. ററി. സി/ കോറിയർ / റെയിൽവേ വഴി എത്തിച്ചുകൊടുക്കേണ്ടതാണ്.*

***6.*** *മാസ്കുകൾ നിർമ്മിക്കുന്നതിന് വരുന്ന ചിലവുകൾ , നിർമ്മിച്ച എണ്ണം, കൈമാറിയ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുകയും അതാത് ദിവസം പ്രിസൺ കൺട്രോൾ റൂമിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.*

***7.*** *ജയിലിലെ അന്തേവാസികൾക്ക് ആവശ്യമായ മാസ്കുകൾ നിർമ്മിച്ച് ഉപയോഗിക്കാവുന്നതാണ്. സന്ദർശനത്തിന് വരുന്നവർ മാസ്ക് ധരിക്കാൻ നിർദേശിക്കാവുന്നതും അതിനായുള്ളത് വിൽപ്പന നടത്താവുന്നതുമാണ്.*

**8.** **മേഖലകളിൽ നടക്കുന്ന മേൽ പറഞ്ഞ പ്രവർത്തനങ്ങൾ മേഖലാ ഡി.ഐ.ജി മാരും , സെൻട്രൽ ജയിൽ സൂപ്രണ്ടുമാരും ദൈനംദിനം നിയന്ത്രിക്കേണ്ടതും ഏകോപിപ്പിക്കേണ്ടതുമാണ്.**

**9.** **സമീപസ്ഥമായ സ്ഥാപനങ്ങളുടെ കൂടി സഹകരണം ഉറപ്പാക്കത്തക്ക രീതിയിൽ സെൻട്രൽ ജയിൽ സൂപ്രണ്ടുമാർ മാസ്ക്ക് നിർമ്മാണത്തിന് ആവശ്യമായ മെറ്റീരിയൽസ് വിതരണം ചെയ്ത് നിർമ്മിച്ച മാസ്കുകൾ അവരിൽ നിന്ന് ശേഖരിക്കാൻ ശ്രദ്ധിക്കണം**

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്:

DIG(HQ)-6659/2020/PrHQ

fd8d57